"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - കൊറോണ വൈറസ് രണ്ടാം ഘട്ട വ്യാപനത്തിൽ അവധി അനുവദിക്കപ്പെട്ടകയും ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരവും അല്ലാതെയും തിരികെ പ്രവേശിക്കുകയും ചെയ്ത തടവുകാരുടെ അവധി കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി)വകുപ്പ്**

സ.ഉ.(കൈ) നം.160/2022/HOME തീയതി,തിരുവനന്തപുരം, 03-08-2022

---

പരാമർശം:- 1) ബഹു. സുപ്രീംകോടതിയുടെ സുവോമോട്ടു റിട്ട് പെറ്റീഷൻ (സി.) നം. 01/2020 ഹർജിയിലെ 23.03.2020, 07.05.2021, 16.07.2021 തീയതികളിലെ ഉത്തരവുകൾ

2) സ.ഉ.(കൈ) നം. 224/2021/ആഭ്യന്തരം, തീയതി, 28.12.2021

3) ശ്രീ.ഡോൾഫി ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ(സി) നം.1067/2021 കേസിലേയും 1109/21, 1113/21 1171/21,1215/21,1110/21 റിട്ട് പെറ്റീഷൻ (സി.ആർ.എൽ) നം.487/21, 513/21 and 507/21 എന്നീ അനുബന്ധ കേസുകളിലേയും ബഹു. സുപ്രീംകോടതിയുടെ 29.04.2022 തിയതിയിലെ ഉത്തരവ്.

4) ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 25.07.2022-ലെ WP2-5292/2019/PrHQ നമ്പർ കത്ത്.

**ഉത്തരവ്**

കൊറോണ വൈറസ് രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിവിധ ഉത്തരവുകളിലൂടെ അനുവദിക്കപ്പെട്ട പ്രത്യേകാവധിയുടെ ആനുകൂല്യം ലഭ്യമായ തടവുകാർക്ക് പ്രസ്തുത കാലയളവ്, 21.09.2021 വരെ അവധിയായും 26.09.2021 വരെ തിരികെ ജയിലിൽ പ്രവേശിക്കാനുള്ള സമയവുമായി കണക്കാക്കി അത് ശിക്ഷയുടെ ഭാഗമാക്കി പരിഗണിച്ചും അവധിയ്ക്ക് അർഹതയുള്ളവരുടെ കാര്യത്തിൽ കോവിഡ് പ്രത്യേകാവധിയിൽ വിട്ടതൽ ചെയ്യപ്പെട്ടകയും 27.09.2021 മുതൽ 04.10.2021 വരെയുള്ള ഏതെങ്കിലും ദിവസത്തിൽ തിരികെ ജയിയിൽ പ്രവേശിയ്ക്കുകയും ചെയ്ത തടവുകാരുടെ ഓവർസ്റ്റേ കാര്യത്തിൽ

അധികമായി നിന്ന ദിവസങ്ങൾ മാത്രം അവർ തുടർന്ന് ആർജ്ജിക്കുന്ന അർഹതപ്പെട്ട അവധിയിൽ തട്ടികിഴിച്ചും സാധാരണാവധിയ്ക്ക് അർഹതയില്ലായിരിക്കുകയും കോവിഡ് പ്രത്യേകാവധിയിൽ പുറത്തുപോവുകയും ചെയ്ത തടവുകാരുടെ കാര്യത്തിൽ 27.09.2021 മുതൽ അധികമായി ജയിലിനു പുറത്തുനിന്ന ദിവസങ്ങൾ ജാമ്യമായി പരിഗണിച്ചും, പരാമർശം - (2) പ്രകാരം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) അവധിയിൽ പുറത്തു നിൽക്കുന്ന തടവുകാരുടെ അവധി പരാമർശം - (3) ലെ കേസുകളിലെ വിവിധ ഉത്തരവുകൾ പ്രകാരം ബഹു. സുപ്രീം കോടതി ദീർഘിപ്പിച്ചു നൽകുകയും 14 ദിവസത്തിനുള്ളിൽ തിരികെ ജയിലിൽ പ്രവേശിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ശ്രീ.ഡോൾഫി ഫയൽ ചെയ്ത റിട്ട് പെറ്റിഷൻ(സി)നം.1067/2021 നം മറ്റ് അനുബന്ധ ഹർജ്ജികളും പരാമർശം - (3) ഉത്തരവ് പ്രകാരം ബഹു. സുപ്രീംകോടതി തീർപ്പാക്കുകയുണ്ടായി.

3) കൊറോണ പ്രത്യേകാവധിയിൽ പുറത്ത് ഇറങ്ങുകയും ഹൈപവർ കമ്മിറ്റിയുടെ തീരുമാനത്തിന്റെയും ബഹു. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവുകളുടേയും 28.01.2022 തീയതിയിലെ വാക്കാലുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിലും അവധിയിൽ പുറത്തു നിൽക്കുകയും ചെയ്ത തടവുകാരുടെ കാര്യത്തിൽ ടിയാന്മാർ പുറത്തു നിന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് പരാമർശം - (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോവിഡിന്റെ രണ്ടാം ഘട്ട വ്യാപനം കണക്കിലെടുത്ത് സംസ്ഥാനത്ത് അനുവദിച്ച പ്രത്യേക അവധി അവസാനിക്കുന്ന 26.09.2021 വരെയുള്ള കാലയളവ് ചുവടെ പറയുന്ന എല്ലാ വിഭാഗത്തിലുള്ള തടവുകാർക്കും അവധിയായി ക്രമീകരിച്ചും ശേഷിക്കുന്ന കാലയളവ് (ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം തടവുകാർക്ക് തിരികെ പ്രവേശിക്കേണ്ട 12.05.2022 വരെ) ചുവടെ ചേർക്കും പ്രകാരം ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) കോവിഡ് പ്രത്യേകാവധിയുടെ ആനുകൂല്യം ലഭിക്കുകയും 05.10.2021 മുതൽ 12.05.2022 വരെയുള്ള ഏതെങ്കിലും തീയതികളിൽ തിരികെ ജയിലിൽ പ്രവേശിക്കുകയും ചെയ്ത എല്ലാ വിഭാഗം തടവുകാർക്കും ടിയാന്മാർ 27.09.2021 മുതൽ അവധിയിൽ പുറത്തു നിന്ന കാലയളവ് ജാമ്യമായി കണക്കാക്കാവുന്നതാണ്.

(ii) ഹൈപവർ കമ്മിറ്റിയുടെ മാനദണ്ഡ പ്രകാരം അവധിയിൽ ഇറങ്ങിയ തടവുകാരുടെ കാര്യത്തിലും ടിയാന്മാർ 05.10.2021 മുതൽ 12.05.2022 വരെയുള്ള ഏതെങ്കിലും തീയതിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ടിയാന്മാർ 27.09.2021 മുതൽ അവധിയിൽ പുറത്തു നിന്ന കാലയളവ് ജാമ്യമായി കണക്കാക്കാവുന്നതാണ്.

(iii) ജയിൽ ചട്ട പ്രകാരമുള്ള അവധിയിൽ ഇറങ്ങുകയും 28.01.2022 തീയതിയിലെ ബഹു. സുപ്രീംകോടതിയുടെ വാക്കാലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവധിയിൽ തുടരുകയും 12.05.2022 തീയതിയിലോ അതിന് മുമ്പോ തിരികെ ജയിലിൽ പ്രവേശിച്ച തടവുകാരുടെ കാര്യത്തിൽ ടിയാന്മാർക്ക് ജയിൽ ചട്ട പ്രകാരം അനുവദിച്ച് നൽകിയ പരോൾ കാലാവധി കഴിഞ്ഞ് അധികമായി പുറത്തു നിന്ന കാലയളവ് ജാമ്യമായി കണക്കാക്കാവുന്നതാണ്.

(iv) 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 (സി) പ്രകാരം 10 ദിവസത്തിൽ കൂടുതൽ അടിയന്തിരാവധിയിൽ പുറത്തു നിന്നിട്ടുള്ള തടവുകാരുടെ കാര്യത്തിൽ ടിയാന്മാർ അടിയന്തിരാവധി കഴിഞ്ഞ് തിരികെ പ്രവേശിച്ച തീയതി മുതൽ 06 മാസം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയാൽ മാത്രമേ അടുത്ത സാധാരണ അവധിയ്ക്ക് അർഹതയുള്ളൂ. കോവിഡുമായി ബന്ധപ്പെട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രത്യേക അടിയന്തിരാവധിയിൽ പുറത്തു നിന്ന തടവുകാരുടെ കാര്യത്തിൽ ചട്ടം 397 (സി)യ്ക്ക് താല്ക്കാലിക ഇളവ് നൽകി സാധാരണാവധി കണക്കാക്കാവുന്നതാണ്.

(v) ബഹു.സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം തടവുകാർ തിരികെ പ്രവേശിക്കേണ്ട 12.05.2022 തീയതിയ്ക്ക് ശേഷം അറസ്റ്റ് ചെയ്തോ സ്വമേധയായോ തിരികെ ജയിലിൽ പ്രവേശിച്ച എല്ലാ വിഭാഗം തടവുകാരുടെ കാര്യത്തിലും ടിയാന്മാർ ജയിലിലിന് പുറത്തു നിന്ന 12.05.2022 ന് ശേഷമുള്ള കാലാവധി ഓവർസ്റ്റേ ആയി കണക്കാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Jijimon.r
Date: 03-08-2022 17:58:59
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്